**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4083** **20.03.2018 ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിലെ തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | എ) തരിശുഭൂമി സർവ്വേ നടത്തി സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചു. കൃഷി യോഗ്യമായ തരിശു കണ്ടെത്തുകയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. 25.05 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയും 12.84 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| ബി) തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾക്ക് എത്ര രൂപയാണ് ചെലവഴിച്ചത് എന്ന് പദ്ധതികളുടെ പേരുകൾ സഹിതം അറിയിക്കാമോ; | ബി) പച്ചക്കറി വികസനപദ്ധതിയിൽ തരിശുനില കൃഷിയ്ക്കായി 1.57 ലക്ഷം രൂപ ( 12.84 ഹെക്ടർ)യും സമഗ്രനെൽകൃഷി വികസന പദ്ധതിയിലൂടെ തരിശുനില കൃഷിയ്ക്കായി 4.82736 ലക്ഷം രൂപയും (25.05 ഹെക്ടർ) , ജനകീയാസൂത്രണ നെൽകൃഷി വികസനപദ്ധതിയ്ക്കായി 33500/- രൂപയും ചിലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. |
| സി) പ്രസ്തുത മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | സി) 157.5 ഏക്കർ തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കുന്നു. |
| ഡി) ഈ വർഷം അവ കൃഷിയോഗ്യമാക്കാനും കൃഷിയിറക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | ഡി) കൃഷി വകുപ്പിന്റെ സമഗ്രനെൽകൃഷി വികസനപദ്ധതി, പച്ചക്കറി വികസനപദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ നടപ്പിലാക്കി ഈ തരിശുനിലം ഘട്ടം ഘട്ടമായി കൃഷി ചെയ്യുന്നതിന് ഉപയുക്തമാക്കും |

ബാലുശ്ശേരി മണ്ഡലത്തിലെ തരിശുനില കൃഷി അടക്കം മണ്ഡലം തല സമഗ്രകാർഷിക പദ്ധതി പ്രത്യേകം തയ്യാറാക്കുന്നതിന് കൃഷി വകുപ്പുദ്യോഗസ്ഥരുടെ സഹായമുണ്ടാകും. ഇത്തരം പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ